**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2547** **13-09-2023 - ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാന തൊഴിലാളികളിലെ ലഹരി ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഇതര സംസ്ഥാന തൊഴിലാളികൾ കൂടുതലായുള്ള സ്ഥലങ്ങളിൽ വ്യാപകമായ രീതിയിൽ ലഹരി ഉപയോഗം നടക്കുന്നതായിട്ടുള്ള വിവരങ്ങളുടെ പശ്ചാത്തലത്തിൽ എക്സൈസ് വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) | ഉണ്ട്. ലീഗൽ സർവ്വീസ് സൊസൈറ്റി, തൊഴിൽ വകുപ്പ്, ആർ.പി.എഫ്, ആരോഗ്യവകുപ്പ് എന്നിവരുമായി ചേർന്ന് സംസ്ഥാനത്തുള്ള ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ലേബർ ക്യാമ്പുകളിൽ ആകസ്മികമായ പരിശോധനകൾ നടത്തുകയും രഹസ്യ നിരീക്ഷണം നടത്തി ലഹരി വിൽപ്പനയുമായി ബന്ധപ്പെടുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്കെതിരെ കേസെടുത്ത് കർശന നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |
| (ബി) | ഇതര സംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകൾ കേന്ദ്രീകരിച്ച് നടക്കുന്ന ലഹരി കച്ചവടം ഉൾപ്പെടെയുള്ള, സമൂഹത്തിന് ഭീഷണിയാകുന്ന സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് വേണ്ടി പ്രത്യേക പദ്ധതി വകുപ്പ് ആവിഷ്കരിക്കുമോ? | (ബി) | ഇതര സംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകൾ കേന്ദ്രീകരിച്ച് നടക്കുന്ന ലഹരി കച്ചവടം ഉൾപ്പെടെയുള്ള, സമൂഹത്തിന് ഭീഷണിയാകുന്ന സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് വേണ്ടി എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ലീഗൽ സർവ്വീസ് സൊസൈറ്റി, തൊഴിൽ വകുപ്പ്, ആർ.പി.എഫ്, ആരോഗ്യവകുപ്പ് എന്നിവരുമായി ചേർന്ന് സംസ്ഥാനത്തുള്ള ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ലേബർ ക്യാമ്പുകളിൽ ആകസ്മികമായ പരിശോധനകൾ നടത്തുകയും, രഹസ്യ നിരീക്ഷണം നടത്തി ലഹരി വിൽപ്പനയുമായി ബന്ധപ്പെടുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്കെതിരെ കേസെടുത്ത് കർശന നിയമനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. അതിഥി തൊഴിലാളികളുടെ ഭാഷ കൈകാര്യം ചെയ്യാൻ അറിയാവുന്നവരുടെ സേവനം വിനിയോഗിച്ചുകൊണ്ട് ബോധവത്ക്കരണ ക്ലാസുകളും, നിയമ അവബോധ ക്ലാസുകളും അതിഥി തൊഴിലാളികൾക്ക് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ